


# ആത്മാഭിമാനത്തിന്റെ 22 വർഷങ്ങൾ!

കുടുംബശ്രീ ടീമിന്റെ അഭിമാന ദിവസമാണ് ഇന്ന്. 1998 മേയ് 17ന് തുടക്കം കുറിച്ച കുടുംബശ്രീ പ്രസ്ഥാനത്തിന് ഇന്ന് 22 വയസ്സ് പൂർത്തിയായിരിക്കുകയാണ

2016 ഓഗസ്റ്റ് 17 മുതലാണ് കുടുംബശ്രീയുടെ ചുമതല ഞാൻ ഏറ്റെടുക്കുന്നത്. കഴിഞ്ഞ മൂന്നരവർഷക്കാലം കുടുംബശ്രീയെന്ന ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കുമായി പ്രവർത്തിക്കാൻ സാധിച്ചത് എനിക്കേകുന്ന സംതൃപ്തി ഏറെ വലുതാണ്. കുടുംബശ്രീയുടെ കൂടെച്ചേർന്ന് ഞാൻ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് മൂന്നരവർഷക്കാലം മാത്രമാണായിട്ടുള്ളു. എന്നാൽ 1998 മേയ് 17 മുതൽ കുടുംബശ്രീ അംഗമായി, ഈ കാലയളവിലത്രയും കുടുംബശ്രീയ്ക്ക് വേണ്ടി ത്യാഗങ്ങൾ സഹിക്കുകയും സേവന സന്നദ്ധരാകുകയും മികവുറ്റ പ്രവർത്തനം കാഴ്ച്ചവയ്ക്കുകയും ചെയ്ത ഒട്ടേറെ വനിതകളുണ്ട്. ഈ 22ാം വാർഷിക വേളയിൽ അവരുൾപ്പെടെയുള്ള എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും ആശംസകൾ നേരട്ടെ.

1998 മേയ് 17നാണ് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. അടൽ ബിഹാരി വാജ്പേയി മലപ്പുറം ജില്ലയിൽ നടന്ന ചടങ്ങിൽ കുടുംബശ്രീയെന്ന കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യത്തിന്റെ ഔദ്യോഗിക

ഉദ്ഘാടനം നിർവ്വഹിച്ചത്. തുടർന്നിങ്ങോട്ട് ദാരിദ്ര്യ ലഘൂകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും സ്ത്രീ ശാക്തീകരണത്തിനും സാമൂഹിക പുരോഗതിക്കും വേണ്ടി നൂതനമായ ആശയങ്ങൾ ആവിഷ്ക്കരിക്കുകയും സമാനതകളില്ലാത്ത പ്രവർത്തനം കാഴ്ച്ചവയ്ക്കുകയും കേരളത്തിന്റെ പുരോഗതിയുടെ ഒരു വലിയ നെടുംതൂണായി മാറുകയും ചെയ്തു കുടുംബശ്രീ. 22 വർഷം പിന്നിടുമ്പോൾ, കേരളത്തിലുള്ള ഭൂരിഭാഗം സാധാരണക്കാരുടെയും ഉന്നമനത്തിനും സാമ്പത്തിക, സാമൂഹിക ശാക്തീകരണത്തിനും വേണ്ടി ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇടപെടുന്ന പ്രസ്ഥാനമായി കുടുംബശ്രീ. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് സ്ത്രീ ശാക്തീകരണത്തിലുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുന്ന നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ എന്ന തലത്തിലേക്കും വിദേശ രാജ്യങ്ങൾക്ക് വരെ ഈ മേഖലയിൽ പരിശീലനം നൽകുന്ന കൺസൾട്ടൻസിയെന്നതിലേക്കുമൊക്കെ കുടുംബശ്രീ ഇപ്പോൾ വളർന്നു കഴിഞ്ഞു.

കുടുംബശ്രീയുടെ ഈ 22ാം വർഷിക ദിനം ആഘോഷമാക്കാനുള്ള അനുയോജ്യമായ സമയമല്ലിതെന്നത് ഏവർക്കും അറിയാം. കോവിഡ്-19 മൂലമുള്ള പ്രതിസന്ധി ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുകയാണ്. 2018ലുണ്ടായ പ്രളയത്തത്തിന്റെയും ഇപ്പോൾ കോവിഡ് 19ന്റെയും പ്രതിസന്ധി ഘട്ടങ്ങളിൽ കേരളത്തിലെ ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കാൻ കഴിയുന്നുവെന്നത് ഈ 22ാം വാർഷിക വേളയിൽ ഞങ്ങൾക്ക് ഏറെ അഭിമാനം നൽകുന്നു. ഒട്ടേറെ കുടുംബങ്ങളിലേക്ക് മാറ്റത്തിന്റെ വെളിച്ചം എത്തിക്കാൻ സാധിച്ചുവെങ്കിലും ഇനിയുമേറെ മുന്നോട്ട് പോകാനുണ്ടെന്നും ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്ക് കൂടുതൽ സഹായങ്ങൾ എത്തിക്കുന്നതിന് പ്രവർത്തനങ്ങൾ ഇനിയും കാര്യക്ഷമമാക്കേണ്ടതുണ്ടെന്നും നൂതന ആശയങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ടെന്നും ഈ 22ാം വാർഷിക ദിനം ഞങ്ങളെ ഓർമ്മിപ്പിക്കുന്നു. 43 ലക്ഷം കുടുംബങ്ങളിലേക്ക് സേവനത്തിന്റെയും പുരോഗതിയുടെയും സന്ദേശം തുടർന്നും എത്തിക്കാനും സമൂഹത്തിന്റെ ഉയർച്ച നിരന്തരം ലക്ഷ്യമാക്കി പ്രവർത്തിക്കാനും കുടുംബശ്രീ എന്നും സന്നദ്ധമാണെന്നുള്ളത് കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടറെന്ന നിലയിൽ ഏറെ സന്തോഷവും ചാരുതാർത്ഥ്യവും നൽകുന്ന ഒന്നാണ്. കുടുംബശ്രീയുടെ ഭാഗമായി വർത്തിക്കുന്ന ഏവർക്കും വീണ്ടുമൊരിക്കൽക്കൂടി ഞാൻ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.